## JOHN 9:1-12, 35-38

വി. യോഹന്നാന്റെ സുവിശേഷം 8- അദ്ധ്യായത്തിന്റെ ആരംഭത്തിൽ പാപിനിയായ ഒരു സ്ത്രീയെ യഹൂദർ കർത്താവിന്റെ മുമ്പിൽ കൊണ്ടു വന്നശേഷം മോശയുടെ നിയമമനുസരിച്ച് അവളെ കല്ലേറിയേണ്ടതാണെന്ന് പറയുകയും യേശുവിന്റെ അഭിപ്രായമെന്തന്ന് ചോദിക്കുകയും ചെയ്തു. യേശുവാകട്ടെ അവളെ വിധിക്കുന്നതിനുപകരം അവളിൽ കുറ്റമാരോപിച്ചവരോട് തങ്ങളെതന്നെ വിധിക്കാൻ പ്രേരിപ്പിക്കുകയാണ് ചെയ്യുന്നത്. "നിങ്ങളിൽ പാപമില്ലാത്തവൻ ....." ( 8.8). ഇപ്രകാരം തന്റെ വിക്ഷണം ആ യഹൂദരിൽനിന്നും വിത്യസ്ഥമാണെന്നവൻ പ്രഖ്യാപിച്ചു. തുടർന്ന് കർത്താവ് താൻ ലോകത്തിന്റെ പ്രകാശമാണ്; തന്നിലൂടെയാണ് ലോകത്തെ ദർശിക്കേണ്ടത് എന്ന് പഠിപ്പിച്ചു(8.12മുതൽ). ക്രിസ്തുവിന്റെ വിക്ഷണങ്ങളോട് യോജിക്കാൻ കഴിയാതിരുന്ന യഹൂദർ അവനോട് ശക്തമായി വിയോജിച്ചു. ഈ തർക്കത്തിന്റെ അവസാനം തങ്ങളുടെ അഭിപ്രായത്തോട് വിയോജിച്ച യേശുവിനെ അവർ സമറിയാക്കാരനെന്നും പിശാചുബാധിതനെന്നും വിളിച്ചു (8.48). തുടർന്നുവന്ന തർക്കത്തിന്റെ അവസാനം അവർ യേശുവിനെ എറിയാൻ കല്ലുകളെടുത്തു. അവൻ പാപിയും ദൈവദൂഷണം പറയുന്നവനുമാണെന്നാണവർ അപ്പോൾ കരുതിയത്. ഈ പശ്ചാത്തലത്തിലാണ് ഇന്നത്തെ സുവിശേഷത്തിൽ വിവരിക്കുന്ന സംഭവം യോഹന്നാൻ വിവരിക്കുന്നത് (9.12; 1.45).

കർത്താവും ശിഷ്യന്മാരും കടന്നുപോകുമ്പോൾ ജന്മനാ അന്ധനായ ഒരുവനെകണ്ടു. ഫരിസയർ പഴയനിയമത്തെ അടിസ്ഥാനമാക്കി പഠിപ്പിച്ചിരുന്നതനുസരിച്ച് തിന്മ പാപത്തിന്റെ ഫലമാണെന്നായിരുന്നു. ഇയാൾ ജന്മനാ അന്ധായിരുന്നതുകൊണ് ട് അവന്റെ അന്ധതയ്ക്ക് കാരണം അവന്റെയോ അവന്റെ മാതാപിതാക്കളുടെയോ പാപമാകാം. പലപ്പോഴും നാം അഭിമുഖീകരിക്കുന്ന പ്രതിസന്ധികളും തിന്മകളും (Evil) നമ്മുടെ തന്നെ പാപത്തിന്റെയോ വിഴ്ചയുടെയോ അല്ലെങ്കിൽ അപരന്റെ ഭാഗത്തുനിന്നുണ്ടായ ശ്രദ്ധകുറവിന്റെയോ ഫലമാകാം (ഉദാ. ഒരു അപകടത്തിന്റെ ദുരന്തഫലം). എന്നാൽ യഹൂദരുടെ പാരമ്പര്യത്തിൽ നിന്ന് വ്യത്യസ്ഥമായി ക്രിസ്തുവിന് മനുഷ്യന്റെ സഹനത്തെകുറിച്ച് മറ്റൊരു വിക്ഷണമാണ് ഉണ് ടായിരുന്നത്. ഇവന്റെയോ ഇവന്റെ മാതാപിതാക്കളുടെയോ പാപംനിമിത്തമല്ല ഇവൻ അന്ധനായി ജനിച്ചതെന്നവൻ പറഞ്ഞു. അതിനുശേഷം തന്റെ വിക്ഷണമെന്തെന്ന് വ്യക്തമാക്കികൊണ്ട് അയാളെ സുഖപ്പെടുത്താനായി അവന്റെ കണ്ണുകളിൽ ചെളി പുരട്ടുകയും ചെയ്തു.

എങ്ങനെയാണ് തിന്മ ലോകത്ത് ഉണ്ടാകുന്നത്? എന്തുകൊണ്ടാണ് ദൈവം മനുഷ്യജീവിത്തിൽ വേദനകൾ അനുവദിക്കുന്നത് എന്നത്

പലവിശ്വാസികളെയും അലട്ടുന്ന ചോദ്യമാണ്. വിശദീകരിക്കാൻ പലരും ശ്രമിക്കാറുണ്ട് ടെങ്കിലും സഹനത്തിലൂടെ കടന്നുപോകുന്ന പലർക്കും അത് സ്വീകാര്യമായി തോന്നാറില്ല.

ഒരിക്കൽ ഒരു വിട്ടിലെ രണ്ടു കുഞ്ഞുങ്ങൾ സ്നേഹിച്ചു വളർത്തിയിരുന്ന അവരുടെ പൂച്ചകുഞ്ഞിന് സുഖമില്ലാതായി. ആ പൂച്ചയുടെ ജീവനുവേണ്ടി അവർ ദൈവത്തോട് തീക്ഷണമായി പ്രാർത്ഥിച്ചു. എങ്കിലും പൂച്ച ചത്തുപോയി. കൂഞ്ഞുങ്ങൾ പിന്നിട് അവരുടെ വികാരിയച്ചനോട് ദൈവം അവരുടെ പ്രാർത്ഥന കേൾക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് ചോദിച്ചു. അച്ചൻ അവർക്ക് ദൈവശാസ്ത്രപരമായ ഒരുത്തരം നല്കി, അവരെ ആശ്വസിപ്പിച്ച് പറഞ്ഞയച്ചു. തിരിച്ച് പോകുമ്പോൾ ഇളയവൻ മൂത്തവന്റെ കൈയ്യിൽ പിടിച്ച് താഴ്ന്ന സ്വരത്തിൽ ഇങ്ങനെ പറഞ്ഞു. "അച്ചനറിയില്ല അല്ലേ?" സഹനത്തിന്റെ അർത്ഥവും കാരണവും നാം വിശദികരിക്കാൻ ശ്രമിക്കാറുണ്ട് ടെങ്കിലും പലപ്പോഴും അത് വിശദീകരണങ്ങൾക്കതിതമായി നിലകൊള്ളും.വിശദീകരണങ്ങളെക്കാൾ സഹനത്തിന്റെ മുമ്പിൽ നാം സ്വീകരിക്കുന്ന നിലപാടുകളാണ് പ്രധാനപ്പെട്ടത്.

അന്ധനായവന്റെ മുമ്പിൽ ലോകത്തിന്റെ പ്രകാശമായ ക്രിസ്തു പ്രത്യക്ഷപ്പെട്ടത് അവന്റെ അന്ധതയുടെ കാരണം വിശദീകരിക്കനോ അവനെ തെറ്റുകാരനെന്ന് വിധിക്കാനോ ആയിരുന്നില്ല. അവൻ ആ സഹനത്തെ കണ്ടത് ദൈവീക പദ്ധതിയുടെ ഭാഗമായാണ്; ദൈവീക നിയമമായ സ്നേഹത്താൽ പരിഹരിക്കപ്പെടുകയും വച്ചുകെട്ടപ്പെടുകയും ചെയ്യേണ്ട മുറിവായാണ് അവൻ ആ അന്ധതയെ കണ്ടത്. ഈ ലോകം കാണുന്നതുപോലെ തന്നെ കാര്യങ്ങൾ കാണാനും വിധി പറയാനും ക്രിസ്തീയ വിശ്വാസം ആവശ്യമില്ല. ലോകത്തിൽ നിന്ന് വ്യത്യസ്ഥമായി കാര്യങ്ങളെ കാണാനും വിലയിരുത്താനും നമ്മെ സഹായിക്കുന്ന വെളിച്ചമാണ് ക്രിസ്തു.

ക്രിസ്തുവാകുന്ന വെളിച്ചത്തിൽ സംഭവങ്ങളെ ദർശിക്കാൻ കഴിയുന്നവന് സഹനത്തിലൂടെ വെളിവാകേണ്ട ദൈവമഹത്വത്തിന് സഹായിക്കുന്ന പ്രവർത്തികൾ ചെയ്യാൻ കഴിയും. ആദിയൽ താൻ മണ്ണിൽനിന്ന് രൂപപ്പെടുത്തിയ നിർജീവമായ മനുഷ്യ രൂപത്തിന് തന്റെ ജീവശ്വാസത്തിലൂടെ ദൈവം ജീവൻ നല്കിയപോലെ, യേശു തുപ്പൽകൊണ്ട് ചെളിയുണ്ടാക്കി അന്ധനായ ആ മനുഷ്യന്റെ കണ്ണുകളിൽ പൂശി. അന്ധനായ അവനോട് ജറുസലെം പട്ടണത്തിന്റെ ഏറ്റവും താഴ്ന്നഭാഗത്തുണ്ടായിരുന്ന സിലോഹാക്കുളത്തിൽ കഴുകുക എന്നു പറഞ്ഞു. അവൻ യേശുവിന്റെ വാക്ക് അനുസരിക്കുകയും അങ്ങനെ കാഴ്ചയുള്ളവനായിത്തീരുകയും ചെയ്തു. വിശ്വസിക്കുകയും വചനം അനുസരിക്കുകയും ചെയ്യുന്നവനാണ് അത്ഭുതം കാണാനുള്ള അവസരമുണ്ടാകുക.

തിന്മ അനുഭവിക്കുകയും സഹനത്തിന് വിധേയരാവുകയും ചെയ്യുന്നവരുടെ ജീവിതാനുഭവങ്ങളുടെ മുമ്പിൽ നമ്മുടെ മനോഭാവം എന്താണ് എന്നത്

ഇത്തരുണത്തിൽ വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണ്. കണ് ടെത്തുന്ന തിന്മകളുടെയും സഹനങ്ങളുടെയും മുമ്പിൽ അവയുടെ കാരണം വിശകലനം ചെയ്യുന്നവരും വിധിയാളന്മാരുമാകാതെ കുറവുകൾ പരിഹരിക്കുന്നവരും മുറിവുകൾ വച്ചുകെട്ടുന്നവരുമാകുമ്പോഴാണ് ക്രിസ്തുവാകുന്ന പ്രകാശം ജീവിതത്തിൽ സ്വീകരിച്ചവരായി നാം മാറുന്നത്. ഒരു ക്രിസ്ത്യാനി മറ്റുള്ളവരെ കുറ്റപ്പെടുത്താൻ വെമ്പൽകൊള്ളുന്നവനോ, മറ്റുള്ളവരുടെ വേദനകളെപ്രതി സഹതപിക്കുന്നതിൽ മാത്രം സംതൃപ്തി കണ് ടെത്തുന്നവനോ അല്ല. സഹിക്കുന്നവന്റെ മുഖത്ത് ക്രിസ്തുവിന്റെ തിരുമുഖം ദർശിച്ച് അവിടെ ദൈവമഹത്വം അന്വേഷിക്കുന്നവനാണ് .

പെസഹാദിനത്തിൽ ഗോതമ്പപ്പം കൈകളിലെടുത്ത് ഇത് എന്റെ ശരിരമാകുന്നുവെന്ന് പറഞ്ഞവൻതന്നെയാണ് ഞാൻ രോഗിയായിരുന്നു നിങ്ങൾ എന്നെ വന്നുകണ്ടു; ഞാൻ വിശക്കുന്നവനായിരുന്നു, നിങ്ങളെനിക്ക് ആഹാരം തന്നു; ഞാൻ നഗ്നനായിരുന്നു; നിങ്ങൾ എന്നെ ഉടുപ്പിച്ചു; ഞാൻ പരദേശിയായിരുന്നു; നിങ്ങൾ എന്നെ സ്വീകരിച്ചു; ഞാൻ കാരാഗ്രഹത്തിലായിരുന്നു നിങ്ങൾ എന്റെ അടുക്കൽ വന്നു (അല്ലെങ്കിൽ അടുക്കൽ വന്നില്ല...) എന്നു പറഞ്ഞത്. നഗ്നതയുടെയോ, രോഗത്തിന്റെയോ, കാരാഗ്രഹ വാസത്തിന്റെയോ, കാരണമൊന്നും അവന് പ്രധാനപ്പെട്ടതല്ല. സഹിക്കുന്നമനുഷ്യരിൽ ക്രിസ്തുവിന്റെ മുഖം ദർശിച്ച് തദനുസൃതമായ കാരുണ്യപ്രവർത്തികൾ ചെയ്യാൻ ദൈവസ്നേഹത്തെപ്രതി പ്രചോദിതനാകുന്നവനാണ് ക്രിസ്ത്യാനി. അവന്റെ അസ്ഥിത്വം തന്നെ തന്റെ നാഥനെ അനുകരിച്ച് മുറിവുകൾ വെച്ചുകെട്ടുകയും നഷ്ടപ്പെട്ട ബന്ധങ്ങൾ കൂട്ടിയോജിപ്പിക്കുകയും ചെയ്യുന്ന ഒരു ജീവിതം നയിക്കുക എന്നതാണ്. ലോകത്തിൽ സഹനങ്ങളും കുറവുകളും എന്നുമുണ് ടായിരിക്കും. ഓരോ തിന്മയും, സഹനവും അത് ദർശിക്കാനിടയാകുന്ന ക്രിസ്ത്യാനിയിൽ ഉളവാകുന്ന പ്രതികരണം അവന്റെ ആത്മീയ വളർച്ചയുടെ അളവുകോലാണ്. സഹനങ്ങളുടെ മുമ്പിൽ കുറ്റപ്പെടുത്തലുകളും വിധിവാചകവുമായി നില്ക്കുന്നവൻ ക്രിസ്തുവിനെ എറിയാൻ കല്ലുകളെടുത്ത യഹൂദരുടെ പാദ പിൻതുടരുന്നവനാണ്.

ഫാ. അന്റണി തറേക്കടവിൽ

www.sundaypulpit.in